# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# സെന്റ് മേരീസ് എൽ പി സ്കൂൾ

# മലയാറ്റൂർ



# സ്ക്രൂൾ അക്കാദമിക മാസ്റ്റർ  പ്ലാൻ

## ST . MARY'S L P SCHOOL MALAYATTOOR

**Name of the school : St Mary's L P School Malayattoor**

**Name of ward : Ward IX**

**Name of panchayath : Malayattoor – Neeleeswaram**

**Name of ward member : Xavier Vadakkumcherry**

**Name of district : Ernakulam**

**Name of H.M : Binitha Mathai , 9447050206**

**Name of P.T.A president : Geo Thomas ,9605776825**

**Name of Senior Asst. : Sr Seeba Thariyan E**

# ആമുഖം

## വിദ്യാലയത്തിന്റെ സ്ഥാനം

സെന്റ് തോമസിന്റെ പരിപാവനവും പെരിയാറിന്റെ സാന്നിധ്യത്തിൽ സമൃദ്ധവുമായ മനോഹരമായ മലയോര ഗ്രാമമാണ് മലയാറ്റൂർ . ആദിശങ്കരന്റെ ജന്മഭൂമിയായ കാലടിയിൽ നിന്നും 8 കിലോമീറ്റർ ദൂരെയാണ് മലയും ആറും കൂടി ചേർന്ന ഈ പുണ്യഭൂമി.

ഈ പുണ്യഭൂമിയിൽ സെന്റ് തോമസ് പള്ളിയോട് ചേർന്ന് പെരിയാറിന്റെ തീരത്ത് ഒരു നൂറ്റാണ്ടിനു മുൻപ് (1912) വിദ്യയുടെ ആദ്യദീപം തെളിയിച്ച് ഈ സെൻമേരിസ് പള്ളിക്കൂടം എന്ന പേരിൽ ഈ വിദ്യാലയം സ്ഥാപിതമായി . മലയാറ്റൂർ - നീലിശ്വരം ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

## സെന്റ് മേരിസ് സ്കൂളിന്റെ ചരിത്രം

മലയാറ്റൂർ ഗ്രാമത്തിലെ ആദ്യത്തെ സ്കൂൾ തുടങ്ങിയ കാലഘട്ടത്തിൽ മലയാറ്റൂരിനോട് അടുത്തുള്ള പ്രദേശങ്ങളിലൊന്നും പ്രാഥമിക വിദ്യാഭ്യാസത്തിന് പോലും സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല അന്ന് ഗുരുകുല വിദ്യാഭ്യാസം നിലനിന്നിരുന്നു എങ്കിലും എല്ലാവർക്കും വിദ്യാഭ്യാസം കിട്ടാനുള്ള സാഹചര്യം ലഭിച്ചിരുന്നില്ല കുടിയാന്മാരുടെ മക്കൾ കുഞ്ഞിലെ തന്നെ പണിക്ക് പോകേണ്ടിവന്നു. മാതാപിതാക്കൾ അക്ഷരജ്ഞാനം ഇല്ലാത്തവരായതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ മഹത്വവും ആവശ്യകതയും അവർ മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ട് അവരുടെ മക്കൾക്ക് വിദ്യാഭ്യാസം എന്നത് ഒരു കിട്ടാകനിയായിരുന്നു . ഈ സാഹചര്യത്തിൽ എല്ലാവർക്കും വിദ്യാഭ്യാസം കിട്ടുന്നതിനുവേണ്ടി നമ്മുടെ പ്രദേശത്ത് ഒരു സ്കൂളിന്റെ ആവശ്യകത മനസ്സിലാക്കി നാട്ടുകാരുടെ സഹകരണത്തോടെ മലയാറ്റൂർ സെന്റ് തോമസ് പള്ളിയുടെ കീഴിൽ ഈ പള്ളിക്കൂടം ആരംഭിച്ചു.

## വിദ്യാലയം - പൊതു വിശകലനം

അനേകരുടെ പരിശ്രമ ഫലമായി പള്ളി അധികൃതരുടെ നേതൃത്വത്തിൽ 1912 തുടങ്ങിയ സെൻമേരിസ് പ്രൈമറി സ്കൂൾ വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാവർക്കും പ്രവേശനം നൽകി. വിരലിലെണ്ണാവുന്ന കളുടെയും വ്യാപാരികളുടെയും സമ്പന്നരായ ചിലരുടെയും മക്കൾക്ക് ദൂരസ്ഥലങ്ങളിൽ പോയി പഠിക്കാൻ അവസരം ഉണ്ടായിരുന്നിടത്ത് നാട്ടിൽ തന്നെ ഒരു വിദ്യാലയം വന്നപ്പോൾ പാവപ്പെട്ട കുറച്ചുപേർ മാത്രമാണ് പഠനത്തിന് എത്തിയത്. കൃഷിപ്പണിക്കും കൂലിപ്പണിക്കും പോകേണ്ടി വന്നതിനാലും മാതാപിതാക്കൾക്ക് വിദ്യാഭ്യാസം ഇല്ലാതെ വന്നതിനാലും ഇവരുടെ പഠനം പലപ്പോഴും ലക്ഷ്യമില്ലാതെ പോയിട്ടുണ്ട്. അതുകൊണ്ടുതന്നെ വായിക്കാനും പഠിക്കാനും സാമൂഹിക കലാകായികമേളകളിൽ തിളങ്ങി ശോഭിക്കാനും പഴയകാലത്ത് പിന്നോക്കാവസ്ഥ ഉണ്ടായിരുന്നു. എന്നാൽ

ഇന്ന് ഒരു വീട്ടിലെയും കുട്ടികൾ സ്കൂളിൽ പോകാത്തതില്ല എന്നത് സന്തോഷകരമാണ് മാത്രവുമല്ല 100% സാക്ഷരതയുള്ള കേരളീയർ 90% പേരും ഇംഗ്ലീഷ് മീഡിയം പഠിക്കുന്നതും ജനങ്ങളുടെ തീവ്രമായ ആഗ്രഹങ്ങളുടെ സാക്ഷത്കാരമാണ്. മുഴുവൻ പേരും വിദ്യാസമ്പന്നരായതോടെ സർക്കാർ സ്വകാര്യ മേഖലകളിൽ ജോലിയും വിദേശ ജോലിയും കരസ്ഥമാക്കുന്നുണ്ട്. അതിനാൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കപ്പെടുന്നതിന് വിദ്യാഭ്യാസം സഹായകമായി. പാരമ്പര്യ കൃഷികളിൽ തന്നെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കാർഷിക മേഖലയിൽ ശാസ്ത്രീയ പുരോഗതിയിൽ ഉയർന്ന ഉൽപാദനവും സാധ്യമായി. കർഷക വിപണന വേദികളും, ബാങ്ക് വായ്പ സംവിധാനങ്ങളും ഇന്ന് ഉപയോഗിച്ചുവരുന്നു . കുടിയാന്മാർക്ക് കീഴിൽ ജോലി ചെയ്യുന്നിടത്തുനിന്ന് ഒറ്റയ്ക്കും സഹകരണ അടിസ്ഥാനത്തിലും മൈക്രോ ക്രെഡിറ്റ് ഫെസിലിറ്റി ഉപയോഗിച്ചും കൃഷി ചെയ്യാൻ വിദ്യാഭ്യാസ വളർച്ചയിലൂടെ കഴിഞ്ഞു. ഇത് സഹകരണത്തിനും കൂട്ടായ്മയുടെ വളർച്ചക്കും ഇടയാക്കിയിട്ടുണ്ട്.

## സ്കൂൾ നേട്ടങ്ങൾ

സെന്റ് മേരിസ് പ്രൈമറി സ്കൂളിലെ തുടർച്ചയായി സെന്റ് തോമസ് യുപി സ്കൂളും ഹൈസ്കൂളും ചേർന്ന് 1968 - ൽ മലയാറ്റൂരിന്റെ സാംസ്കാരിക വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിന് റവ. ഫാദർ മാത്യു കമ്മട്ടിലിന്റെ നേതൃത്വത്തിൽ തുടങ്ങിയ സെന്റ് തോമസ് ഹൈസ്കൂൾ മലയാറ്റൂരിന്റെ വിദ്യാഭ്യാസ മേഖലയിലെ നാഴികകല്ലുകളായി എന്ന് മനസ്സിലാക്കാം. അനേകം വ്യക്തികൾക്ക് ഇതിലൂടെ വിദ്യാഭ്യാസം ലഭിച്ചു. തുടർന്ന് 2004 ഇവിടെ ഹയർ സെക്കൻഡറി സ്കൂളും ആരംഭിക്കാൻ കഴിഞ്ഞത് ഈ മാതൃ സ്കൂളിലെ അടിത്തറയിലാണ്. സെന്റ് മേരിസ് എൽപി സ്കൂളിൽ 1980-2000 കാലഘട്ടങ്ങളിൽ മൂന്ന് ഡിവിഷൻ വീതമുള്ള 12 ക്ലാസുകളും 13 അധ്യാപകരും ഉണ്ടായിരുന്നു. ജനങ്ങളുടെ താല്പര്യം പ്രകാരം സർക്കാരിൽ നിന്ന് 2004 - ൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ തുടങ്ങി. ഇപ്പോൾ 95% കുട്ടികളും state english medium പഠിക്കുന്നു .രണ്ടായിരത്തിൽ സ്കൂളിൽ ചേർന്ന പിടിഎയുടെ നേതൃത്വത്തിൽ എൽകെജി യുകെജി തുടങ്ങുകയും ഇപ്പോൾ 50 കുട്ടികൾ കെ ജി വിഭാഗത്തിനും 175 കുട്ടികൾ എൽ പി വിഭാഗത്തിലും പഠിക്കുന്നു. അധ്യാപനത്തിലും പാഠ്യേതര വിഷയങ്ങൾ കുട്ടികൾക്ക് ഉറപ്പാക്കുന്നതിലും അധ്യാപകരും പിടിഎ അംഗങ്ങളും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ മാനേജ്മെന്റ് ഏറെ ശ്രദ്ധിക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ കായിക, കല, സാഹിത്യമത്സരങ്ങളിൽ നമ്മുടെ വിദ്യാർഥികൾ മുൻനിരയിൽ തന്നെ എക്കാലവും ഉണ്ടായിട്ടുണ്ട് എന്നത് ഈ സ്കൂളിന് തുടർച്ചയായുള്ള വളർച്ചയുടെ വ്യക്തമായ തെളിവാണ്. മൂല്യബോധം ഊട്ടിയുറപ്പിക്കാൻ നല്ല പാഠവും സ്പീഡ് പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും ബുദ്ധി കൂർമ്മത ഉണർത്താൻ LSS, moral science പരീക്ഷകളിലും കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്. പൂർവ്വ വിദ്യാർത്ഥികളായ ഡോൺ മാനുവൽ ഷിന്റോ, ഡിസ്മിയ ബേബി, ജുതുൽ കെ ലികേഷ് എന്നിവർക്ക് ശേഷം ജുവൽ മരിയ ജേക്കബ്, ശിവാർച്ചന എം ബി എന്നിവരും LSS സ്കോളർഷിപ്പ് ജേതാക്കളാണ്. 2023-24 വർഷത്തിൽ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന നിലയിൽ 3 വിദ്യാർഥികൾക്ക് LSS സ്കോളർഷിപ്പ് കരസ്ഥമാക്കാൻ ആയത് ഈ വിദ്യാലയത്തിന്റെ സർവ്വകാലനേട്ടമാണ്. കൂടാതെ സന്മാർഗ പരീക്ഷയിലും സ്കോളർഷിപ്പുകൾ കരസ്ഥമാക്കാൻ കുട്ടികൾക്ക് കഴിഞ്ഞു. 2023-24,2024-25 അദ്ധ്യായന വർഷം തുടർച്ചയായി എൽ പി കായികമേളയിൽ LP mini girls വിഭാഗത്തിൽ jumbing സാന്ദ്ര സാബു ഒന്നാം സ്ഥാനം കൈവരിച്ചു. കൂടാതെ ഉപജില്ല മേളകളിൽ മികച്ച പ്രകടനങ്ങളും നേട്ടങ്ങളും നമ്മുടെ കുഞ്ഞുമക്കൾ കൈവരിച്ചിട്ടുണ്ട് .

# വിദ്യാലയ വികസന കാഴ്ചപ്പാട്

ഗുണമേന്മയുള്ള  വിദ്യാഭ്യാസത്തിലൂടെ വിദ്യാർഥികളുടെ എണ്ണം ഉറപ്പാക്കുക ,ഭൗതിക സാഹചര്യങ്ങൾ പിടിഎയുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ പ്രവർത്തനങ്ങൾ സുഗമമാക്കുക. സർവ്വതോന്മുഖമായ വികസനം അക്കാദമികമായ പ്രവർത്തനങ്ങൾ കൂടുതലാക്കുക. ദിനാചരണങ്ങൾ,എല്ലാ വിഷയങ്ങളിലും ഉള്ള ഫെസ്റ്റ് നടത്തുക, സ്മാർട്ട് ക്ലാസ്സ് റൂം, കാർട്ടൂൺ,പെയിന്റിംഗ്, ചിത്രങ്ങൾ, സ്കൂൾ ലൈബ്രറി വികസനം തുടങ്ങിയവ നടത്തുക. കൃഷിയെ ഒരു സംസ്കാരമായി കണ്ടുകൊണ്ട് അടുക്കള കൃഷിത്തോട്ടം, പച്ചക്കറിത്തോട്ടം, ജന്മദിന പൂച്ചെടികളുടെ പരിപാലനം എന്നിവയും സാമൂഹിക സേവന പ്രവർത്തനങ്ങളും നടത്തി കുട്ടികളെ മൂല്യബോധത്തിൽ വളർത്തുക.

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

1. അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന വിദ്യാലയ വികസന സമിതി അംഗങ്ങൾ
2. കുട്ടികളുടെ പഠനകാര്യങ്ങളിൽ താല്പര്യമുള്ള രക്ഷാകർതൃ സമൂഹം
3. ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപകർ
4. പൂർവ വിദ്യാർത്ഥികളുടെ ക്രിയാത്മകമായ ഇടപെടൽ

പരിമിതികൾ

1. സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ട് വിദ്യാലയത്തിലേക്ക് വരുന്നതിനും പോകുന്നതിനും
2. ക്ലാസ് മുറികൾ ടൈൽ വിരിക്കൽ, ആധുനിക മാതൃകയിലുള്ള ആകർഷകമായ ചിത്ര ചുമരുകൾ ഉള്ള ക്ലാസ് മുറികൾ എന്നിവ പരിമിതികളാണ്.

| അധ്യാപകർ - നിലവിലുള്ള അവസ്ഥ | | | | |
|---|---|---|---|---|
| എൽ പി വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ :8 | താൽക്കാലിക നിയമനങ്ങൾ | മൂന്നുവർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
| | 8 | 8 | ഇല്ല | 8 |

അധ്യാപകർക്ക് വിവിധ വിഷയങ്ങളിലുള്ള പരിശീലന ക്ലാസുകൾ ലഭിച്ചു പിന്നോക്കം നിൽക്കുന്ന പല കുട്ടികളെയും മുൻപോട്ടു കൊണ്ടുവരാൻ സാധിച്ചു. അക്ഷരങ്ങൾ കൂട്ടി വായിക്കാനും എഴുതാനും ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള കഴിവ് നേടി. കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ പ്രത്യേക പരിശീലനം നൽകി. പിന്നോക്കം നിൽക്കുന്ന ചില കുട്ടികളെ മുമ്പോട്ട് കൊണ്ടുവരാൻ ആവശ്യമായ സാമ്പത്തിക സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നു.

മാതാപിതാക്കളുടെ ശ്രദ്ധക്കുറവും അറിവു കുറവും വലിയ പ്രശ്നങ്ങളാണ്.
സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം എല്ലാ കുട്ടികൾക്കും ആവശ്യമായ പ്രവർത്തന ഉപകരണങ്ങൾ നൽകുവാൻ സാധിക്കുന്നില്ല.
ഹോംവർക്ക് അസൈമെന്റ് എന്നിവ കുട്ടികളിൽ- മാതാപിതാക്കളുടെ അറിവില്ലായ്മ കുട്ടികളെ പിന്നോക്ക അവസ്ഥയിൽ എത്തിക്കുന്നു

# സ്കൂൾതല പ്രവർത്തനങ്ങൾ





അക്ഷര ജ്യോതിയോടെ പ്രവേശനോത്സവം





പരിസ്ഥിതി ദിനം



പൂച്ചെട്ടി പരിപാലനം



അടുക്കള പച്ചക്കറിത്തോട്ടം




കുട്ടികളുടെ ഹരിതസഭ

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ- നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| SRG | മാസത്തിൽ 4 തവണ കൂടുന്നു |
| PTA | മാസത്തിൽ ഒരുതവണ പിടിഎ വിളിക്കുന്നു |
| MPTA | രണ്ടുമാസത്തിലൊരിക്കൽ എം പി ടി എ വിളിക്കാറുണ്ട് |
| SSG | ആവശ്യ സന്ദർഭങ്ങളിൽ എസ് എസ് ജി കൂടാറുണ്ട് |
| സ്കൂൾ വികസന സമിതി | മാസത്തിലൊരിക്കൽ മിറ്റിംഗ് സംഘടിപ്പിക്കുന്നു |
| ജാഗ്രത സമിതി | ആവശ്യ സന്ദർഭങ്ങളിൽ സമിതി കൂടാറുണ്ട് |
| ലൈബ്രറി | എല്ലാദിവസവും കുട്ടികൾക്ക് വായന സൗകര്യം ഒരുക്കിയിട്ടുണ്ട് |
| **ക്ലബ്ബ് പ്രവർത്തനങ്ങൾ** | |
| ബാലസഭ<br>വിദ്യാരംഗം | എല്ലാ ആഴ്ച്ചയും അവസാന വെള്ളിയാഴ്ച മാസാധ്യ വെള്ളിയാഴ്ചകളിൽ കൂടുന്നു പ്രവർത്തനങ്ങൾ നടത്തുന്നു |
| ഹെൽത്ത് ക്ലബ് | കുട്ടികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു |

| | |
|---|---|
| നേയ്ച്ചർ ക്ലബ്<br><br>**ലാബ് പ്രവർത്തനങ്ങൾ**<br><br>കമ്പ്യൂട്ടർ ലാബ് | നല്ല പാഠം പ്രവർത്തനങ്ങൾ ഈ ക്ലാസുകൾ നേതൃത്വം വഹിക്കുന്നു.<br><br>എല്ലാ കുട്ടികൾക്കും ദിവസം ഒരു മണിക്കൂർ എന്ന നിരക്കിൽ കമ്പ്യൂട്ടർ വിജ്ഞാനം നൽകിവരുന്നു. |

## വിദ്യാലയത്തിലെ ഐടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇന്ന് ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ- ഡെസ്ക്ടോപ്പ് | 1 | - |
| ലാപ്ടോപ്പ് | 6 | 2 |
| പ്രൊജക്ടർ | 3 | 2 |
| ടിവി | nil | 1 |
| ഇന്റർനെറ്റ് കണക്ഷൻ | yes | |
| ഇമെയിൽ ഐഡി | yes | |
| സ്മാർട്ട് ക്ലാസ് റൂം | 2 | 2 |
| ഇന്ററക്റ്റീവ് വൈറ്റ് ബോർഡ് | 8 | - |

## സാമൂഹിക പങ്കാളിത്തം കൊണ്ട് സമ്പുഷ്ടമായ വിദ്യാലയ പ്രവർത്തനങ്ങൾ

1. പാവപ്പെട്ട കുട്ടികൾക്ക് യൂണിഫോമും പഠനോപകരണവും വിതരണം ചെയ്തു
2. ശാസ്ത്രമേള
3. പൂർവ്വ അധ്യാപകർ- പത്ര വിതരണ പദ്ധതി- വായനാവാരം
4. വയോജന ദിനാചരണം
5. ഓണസദ്യ
6. എൻഡോവ്മെന്റ്
7. ബോധവൽക്കരണ ക്ലാസ്
8. സ്കൂൾ മതിലുകളിൽ സചിത്ര സന്ദേശം എഴുതൽ- മാനേജ്മെന്റ്
9. വിദ്യാർത്ഥികളുടെ പ്രവർത്തനം കൊണ്ട് ശ്രദ്ധേയമായ വിദ്യാലയ പ്രവർത്തനങ്ങൾ

10. പ്രവേശനോത്സവം
11. പച്ചക്കറി കൃഷി
12. ഔഷധ ചെടികളുടെ ശേഖരണം, പ്രദർശനം
13. പൂച്ചട്ടികളുടെ സംരക്ഷണം
14. ലഹരി വിമുക്ത റാലി
15. ശിശുദിന റാലി
16. ഫസ്റ്റ് എയ്ഡ് ഫണ്ട് സ്വരൂപിക്കൽ
17. ഡ്രൈ ഡേ ആചരണം
18. കോയിൻ കളക്ഷൻ- വൃദ്ധമന്ദിരങ്ങൾ സന്ദർശന/ സമ്മാനം നൽകാൻ.
19. എൽഎസ്എസ് പരീക്ഷ ഒരുക്കൽ
20. വൃക്ഷത്തൈ വിതരണം, സംരക്ഷണം
21. പരിസ്ഥിതി ദിനാചരണം
22. കുഞ്ഞെഴുത്ത് പ്രകാശനം
23. സ്കൂൾ കായികമേള
24. സ്കൂൾ യുവജനോത്സവം
25.പ്രവർത്തിപരിചയമേള
26. കയ്യെഴുത്തു മാസിക
27. ഒന്നൊരുക്കം
28. സ്കൂൾ വാർഷികം

## വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സമൂഹത്തിന്റെ കാഴ്ചപ്പാട്

വിദ്യാലയത്തെപ്പറ്റി പൊതുവേ നല്ല അഭിപ്രായമുണ്ട് സ്കൂളിന്റെ പരിസരത്ത് നിന്നും കുട്ടികൾ കുറവാണ്. അകലെയുള്ള CBSE ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്നു. ദൂരെ നിന്നും കുട്ടികൾ ഇവിടെ വന്ന് പഠിക്കുന്നുണ്ട്.ഇവിടെ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്കൂളിനെപ്പറ്റിയും സ്കൂൾ പ്രവർത്തനങ്ങളെപ്പറ്റി നല്ല അഭിപ്രായമാണ്. അവരിൽ നിന്നും എല്ലാ പിന്തുണയും ലഭിക്കുന്നുണ്ട്. മാനേജ്മെന്റിന്റെ സംയോജിതമായ ഇടപെടലും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് പുരോഗതിയിലേക്ക് നയിക്കുന്നു.

## പി ടി എ, എം പി ടി എ എന്നിവയുടെ സംഭാവനകൾ

സ്കൂളിലെ ഏതൊരു പ്രവർത്തനത്തിന്റെയും പിന്നിൽ പിടിഎയുടെയും , എം പി ടി എ യുടെയും സഹകരണമുണ്ട് . അവരിൽനിന്ന് വിലയേറിയ നിർദ്ദേശങ്ങളും സഹായങ്ങളും പ്രോത്സാഹനവും ലഭിക്കുന്നുണ്ട്. വിദ്യാലയവുമായി ബന്ധപ്പെട്ട ഏത് കാര്യത്തിനും വിളിച്ചാലും പിടിഎ കമ്മിറ്റി അംഗങ്ങൾ സന്നിഹിതരായിരിക്കും. ഉച്ചഭക്ഷണ പദ്ധതി, ദിനാചരണങ്ങൾ, ടൂർ, വർക്ക് ക്യാമ്പ്, വാർഷികം എന്നിങ്ങനെ എല്ലാവിധ പ്രവർത്തനങ്ങൾക്കും സഹകരിക്കുന്നുണ്ട്. അടുക്കള നിർമ്മാണത്തിനും പച്ചക്കറി സംരക്ഷിക്കാനും എല്ലാ അധ്യാപകരോടൊപ്പം പിടിഎ,എം പി ടി എ മുന്നോട്ടു നിൽക്കുന്നു. Mini park, Long jump pit എന്നിവ എന്നിവ PTA യുടെ നേതൃത്വത്തിൽ നിർമ്മിച്ചു. സ്കൂൾ സൗന്ദര്യവൽക്കരണം നടത്തി.

# പ്രതീക്ഷിത നേട്ടം

ഗണിതശേഷികളും ഭാഷ നൈപുണികളും സ്വായത്തമാക്കുക. ഗണിതശേഷികൾ, ചതുഷ്ക്രിയകൾ, പ്രശ്നപരിഹാരം, മതിപ്പു പറയൽ, യുക്തിസമർത്ഥനം, അളവ് നിർമ്മാണം ഭാഷ നൈപുണികൾ: വായന ലേഖനം ആസ്വാദനക്കുറിപ്പ് അടിക്കുറിപ്പ് പത്രവായന വർണ്ണന വിവരണം കവിത നിർമ്മാണം കത്ത് യാത്രാവിവരണം അഭിപ്രായ കുറിപ്പ്
ടേം പരീക്ഷകളുടെ ഓവറോൾ ഗ്രേഡും മേഖല തിരിച്ചുള്ള ഗ്രേഡുകളും നിരന്തര മൂലനിർണയത്തിലെ ഗ്രേഡുകളും പട്ടികപ്പെടുത്തി അപഗ്രഥിച്ചാണ് കുട്ടികളുടെ പഠനത്തെ വിലയിരുത്തിയത്. പ്രതീക്ഷിത നേട്ടങ്ങൾ പൂർണമായും കൈവരിക്കാൻ സാധിച്ചിട്ടില്ല. ത്രികോണം സമയം അളവുകൾ എന്നിവയും കുട്ടികൾ ആർജ്ജിച്ചിരിക്കണം.പരിസ്ഥിതി പ്രശ്നങ്ങളുടെ ക്രിയാത്മകമായി ഇടപെടുക. കുട്ടികളെ ശാസ്ത്രബോധം വളർത്തുക എന്നീ ലക്ഷ്യങ്ങൾ നടപ്പാക്കാൻ നിരീക്ഷണം വർഗീകരണം നിഗമനം പരീക്ഷണം പട്ടിക രൂപീകരിക്കൽ ആൽബം വർക്ഷീറ്റ് പ്ലക്കാർഡ് പ്രവർത്തിപരിചയം എന്നിങ്ങനെ മേഖലകളിലൂടെ കുട്ടികൾക്ക് കഴിയണം.

<u>കൈവരിക്കാൻ സാധിച്ചവ- പരിമിതികൾ</u>

പാട്ട് സംഭാഷണം ചിത്രകഥ പോസ്റ്റർ അറിയിപ്പ് കാർട്ടൂൺ വിശേഷ പദങ്ങൾ എന്നിവ കുട്ടികളെ സംബന്ധിച്ച ഭൂരിഭാഗം പേർക്കും സ്വായത്തമാണ്. കഥ കുറിപ്പ് വിവരണം എന്നിവ സ്വായത്തമാക്കാൻ കുറച്ചുപേർക്ക് സാധിച്ചിട്ടുള്ളൂ. പകുതിയോളം പേരുടെ വായന ഘടന അർത്ഥപൂർണ്ണമല്ല. ഗണിതപ്രക്രിയകൾ  ഏറെ പേരും ഇഷ്ടപ്പെടുന്നു. എന്നാൽ സംഖ്യ ബോധത്തിൽ പെട്ട കൂടുതൽ കുറവ് ആരോഹണം അവരോഹണം സമയം എന്നിവ കുറിച്ച് പേർക്ക് ഇപ്പോഴും അപ്രാപ്യമാണ്. പരിസര പഠനത്തിൽ പട്ടിക രൂപീകരണം ഊഹം എന്നിവയാണ് കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കണ്ടത്. നിഗമനത്തിൽ ചിലരെല്ലാം പിന്നോക്കം കാണപ്പെട്ടു. നിരീക്ഷണം വർഗീകരണം പ്ലക്കാർഡ് ആൽബം എന്നിവ കുട്ടികൾ വളരെ വേഗം പ്രതികരിക്കുകയും ചെയ്യുന്നുണ്ട്.
സചിത്രം സംയുക്ത ഡയറി ഒന്ന് ഒരുക്കം മധുര മലയാളം ഹലോ ഇംഗ്ലീഷ് ഉല്ലാസ ഗണിതം വർക്ക് സീറ്റുകൾ മഴവില്ല് പ്രവർത്തനങ്ങൾ ഫെസ്റ്റ് എന്നിങ്ങനെ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാമെന്ന് അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്.

പ്രവർത്തനം 7

പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം & പി.ടി.എ | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 8

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ.,പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമികരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം. പി.ടി.എം. ലൈബ്രറിയൻ | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 9

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ (വിവിധ മേഖലകളിൽ പ്രാവിണ്യം നേടിയവരുമായി) | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ | 10000/- (ഒ.എസ്.എ) |

**പ്രവർത്തനം 4**

**പേര്** : **ഗ്രാമർ സ്കൂൾ**

**ഉപമേഖല** : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | 5,000/- (പൂർവ്വ വിദ്യാർത്ഥിസംഘടന) |

**പ്രവർത്തനം 5**

**പേര്** : **പദപ്രശ്ന നിർമ്മാണം**

**ഉപമേഖല** : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളിയിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശനം നിർമ്മിക്കുന്നു കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നിറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | — |

**പ്രവർത്തനം 6**

**പേര്** : **രചനാ ശില്പശാല**

**ഉപമേഖല** : **മാതൃഭാഷായിലെ വിവിധശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെനിർമ്മാണം | കഥയരങ്ങ്/ കവിയരങ്ങ്/ രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സ്മുറിയുടെ പഠനസാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടുമാസത്തി ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺ സർഷിപ്പ് |

## പ്രവർത്തനം 19

പേര് : ക്ലാസ്സ് പി. ടി. എ. സജ്ജീകരിക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി. ടി. എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | 5,000/- |

## പ്രവർത്തനം 20

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഒരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച്. എം. പി.. ടി. എ | 50,000/- |

(പദ്ധതി വിശദാംശങ്ങൾ - പട്ടികപ്പെടുത്തിയ സ്വപ്നപദ്ധതികളുടെ വിശദാംശങ്ങൾ മറ്റൊരാൾക്ക് വായിച്ച് മനസ്സിലാക്കാവുന്ന വിധത്തിൽ പ്രത്യേക ഫോർമാറ്റിൽ എഴുതി തയ്യാറാക്കലാണ് ലക്ഷ്യമിടുന്നത് - മാതൃക പരിശോധിക്കുക)

**പ്രവർത്തനം 1**

**പ്രവർത്തിയുടെ പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുംസംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ച്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ. ആ ദിവസങ്ങളിൽ ഇംഗ്ലീഷിൽ സംസാരിക്കുക. | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | — |

**പ്രവർത്തനം 2**

**പേര് : ഇംഗ്ലീഷ് ഡയറി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

**പ്രവർത്തനം 3**

**പേര് : ഇംഗ്ലീഷ് തീയറ്റർ**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ ഉദാ. Skit, Conversation,Drama etc. | പ്രതിമാസ പരിപാടി | എച്ച്.എം/ ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ |

പ്രവർത്തനം 16

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠമയാത്രകൾ | വർഷത്തിൽ ഒന്നു വീതം | എസ്.ആർ.ജി | 20000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 17

പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ കായിക അദ്ധ്യാപകൻ | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 18

പേര് : ജൈവ വൈവിധ്യപാർക്ക്

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കുളിൽ സൗകര്യ പ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്. ആർ. ജി | 25000/- (എസ്.എസ്.എ) |

**പ്രവർത്തനം 10**

**പേര്** : **ദിനാചരണങ്ങൾ**

**ഉപമേഖല** : **സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | 10,000/- |

**പ്രവർത്തനം 11**

**പേര്** : **ഗണിതലാബ് സജ്ജീകരിക്കൽ**

**മേഖല/ഉപമേഖല** : **അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിത ക്ലബ്ബ് | 10,000/- |

**പ്രവർത്തനം 12**

**പേര്** : **ശാസ്ത്രലാബ് നവീകരിക്കൽ**

**മേഖല/ഉപമേഖല** : **അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | — |